**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2380** **13-09-2023 - ൽ മറുപടിയ്ക്ക്**

**ബിൽ ആൻഡ് മെലിൻഡാ ഗേറ്റ്സ് ഫൗണ്ടേഷന്റെ സഹായം ലഭിക്കുന്ന സ്ഥാപനങ്ങളുമായിട്ട് സഹകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ബിൽ ആൻഡ് മെലിൻഡാ ഗേറ്റ്സ് ഫൗണ്ടേഷന്റെ വിദേശ സാമ്പത്തിക സഹായം ലഭിക്കുന്ന സ്ഥാപനങ്ങളുമായിട്ട് ധാരണ പത്രം ഒപ്പിടാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഡയറക്ടർക്ക് ആരോഗ്യ വകുപ്പ് മന്ത്രിയുടെയോ വകുപ്പ് സെക്രട്ടറിയുടെയോ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | അനുമതി നല്കിയിട്ടില്ല. കേന്ദ്ര സർക്കാർ ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിലെ നാഷണൽ ഹെൽത്ത് അതോറിറ്റി (NHA) യുമായി നോൺ ഡിസ്ക്ലോഷർ എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുള്ള വിവിധ അന്തർദേശീയ ഏജൻസികൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് സാങ്കേതിക സഹായം നൽകുന്നുണ്ട്. ലോകാരോഗ്യ സംഘടന, ലോക ബാങ്ക്, ആക്സസ് ഹെൽത്ത് എന്നിവരുടെ സാങ്കേതിക സഹായം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫൗണ്ടേഷന്റെ വിദേശ സാമ്പത്തിക സഹായം ലഭിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയെ സഹായിക്കാൻ സ്റ്റേറ്റ് പ്രൊജക്റ്റ് മാനേജർ, സാങ്കേതിക വിദഗ്ദർ എന്നിവരെ നിയമിക്കാൻ ആരോഗ്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | സാങ്കേതിക സഹായം ലഭ്യമാക്കുന്ന സ്ഥാപനങ്ങളിലെ വിദഗ്ധരുടെ നിയമനം സംബന്ധിച്ച ഒരു നിർദേശവും നൽകിയിട്ടില്ല . |
| (സി) | ബിൽ ആൻഡ് മെലിൻഡാ ഗേറ്റ്സ് ഫൗണ്ടേഷന്റെ വിദേശ സാമ്പത്തിക സഹായം ലഭിക്കുന്ന സ്ഥാപനങ്ങളിലെ കൺസൾട്ടന്റുകൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഓഫീസിൽ ജോലി ചെയ്യാനും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മീറ്റിംഗുകളിൽ പങ്കെടുക്കുവാനും അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ഓഫീസിൽ മറ്റു സ്ഥാപനങ്ങളിലെ കൺസൾട്ടന്റുകൾ ജോലി ചെയ്യുന്നില്ല . എന്നാൽ പ്രസ്തുത സാങ്കേതിക സഹായ മേഖലയുമായി ബന്ധപ്പെട്ട ചർച്ചകളിൽ പങ്കെടുക്കാൻ എസ്.എച്ച്.എ അനുമതി നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ